# 'മഴവിൽ ലോകത്തെ ഇസ്‌ലാം'

**ബഹുസ്വരമായ** ആധുനിക സാമൂഹിക സാംസ്കാരിക രാഷ്ട്രീയ സാഹചര്യങ്ങളിൽ ഇസ്‌ലാമിന്റെ പ്രതിനിധാന സ്വഭാവം മുസ്‌ലിം ലോകം അഭിമുഖീകരിക്കുന്ന ഗൗരവമേറിയ പ്രശ്നമാണ്. ബഹുസ്വരത വാസ്തവത്തിൽ ഒരു പുതിയ പ്രതിഭാസമല്ല. അന്ത്യപ്രവാചകൻ മദീനയിൽ രൂപംനൽകിയ പ്രഥമ ഇസ്‌ലാമിക സമൂഹം തന്നെ ബഹുസ്വരമായിരുന്നു. അതിനു ശേഷം ഇന്നുവരെ ഏകസ്വരമായ ഇസ്‌ലാമിക സമൂഹങ്ങൾ അപൂർവമായേ ഉണ്ടായിട്ടുള്ളൂ. മുസ്‌ലിംകൾക്ക് രാഷ്ട്രീയാധികാരമുള്ള സമൂഹങ്ങളെയും ജനസംഖ്യയിൽ മുസ്‌ലിം ഭൂരിപക്ഷമായ സമൂഹങ്ങളെയും പൊതുവിൽ ഇസ്‌ലാമിക രാഷ്ട്രങ്ങളായി കണക്കാക്കപ്പെട്ടുപോന്നു. എങ്കിലും ഇസ്‌ലാമിക പണ്ഡിതന്മാർ അവയുടെ ബഹുസ്വരത പരിഗണിക്കുകയും അമുസ്‌ലിം വിഭാഗങ്ങളുടെ നിലപാട് നിർണയിക്കുകയും ചെയ്തിരുന്നു. അതുപോലെ മുസ്‌ലിംകൾക്ക് രാഷ്ട്രീയാധികാരമില്ലാത്തതും അവർ ന്യൂനപക്ഷമായതുമായ സമൂഹങ്ങളിലെ മുസ്‌ലിംകളുടെ അവസ്ഥയും അവരുടെ വിശകലനത്തിനു വിധേയമായി. ദാറുൽ ഇസ്‌ലാം, ദാറുൽ ഹർബ്, ദാറുൽ കുഫ്റ്, ദാറുൽ അഹ്ദ്, ദാറുൽ മുസ്തഉമിൻ തുടങ്ങിയ പരികൽപനകൾ അങ്ങനെ ഉരുത്തിരിഞ്ഞുവന്നതാണ്. പക്ഷേ, ആധുനിക മതേതര ജനാധിപത്യ സമൂഹങ്ങൾ ഈ പരികൽപനകൾക്കെല്ലാം അപ്പുറമാണ്. ഉദാഹരണം, ഇന്ത്യൻ മുസ്‌ലിംകൾ. അവർ അമുസ്‌ലിം രാഷ്ട്രത്തിലെ ദിമ്മികളല്ല. ഇസ്‌ലാമിക സമൂഹവുമായി യുദ്ധത്തിലേർപ്പെട്ട രാജ്യത്ത് വസിക്കുന്നവരുമല്ല. ഇവിടെ അഭയം തേടി വന്നവരുമല്ല. ഈ രാജ്യത്തെ മറ്റേതൊരു പൗരനും ഉള്ള അവകാശ ബാധ്യതകൾ അതേ അളവിൽ അനുഭവിക്കുന്ന തുല്യ പൗരന്മാരാണവർ. മതേതര ജനാധിപത്യ-ദേശീയ സങ്കൽപങ്ങൾ ഉടലെടുക്കുകയും അവയുടെ രാഷ്ട്രീയ രൂപങ്ങൾ പ്രയോഗത്തിൽ വരികയും ചെയ്യുന്നതിനു മുമ്പ് ആവിഷ്കരിക്കപ്പെട്ട മാനദണ്ഡങ്ങൾ കൊണ്ട് അവരെ അളക്കാനാവില്ല. അതിന് പുതിയ മാനദണ്ഡങ്ങളും സമവാക്യങ്ങളും കണ്ടെത്തേണ്ടത് അനിവാര്യമാകുന്നു.

തുല്യ സ്വാതന്ത്ര്യവും അവകാശബാധ്യതകളുമുള്ള ഘടകങ്ങൾ ഉദ്ഗ്രഥിതമാകുന്നതിന് ചിലതൊക്കെ കൊള്ളാനും കൊടുക്കാനും എല്ലാവരും സന്നദ്ധരാവണം. പരസ്പരം കൂട്ടിമുട്ടുന്ന സ്വാതന്ത്ര്യങ്ങളെ വെട്ടിയൊതുക്കേണ്ടിയും വരും. എങ്കിലേ എല്ലാവരുടെയും സ്വാതന്ത്ര്യം ഒരേ അളവിൽ യാഥാർഥ്യമാകൂ. ആധുനിക ബഹുസ്വര സമൂഹത്തിൽ ജീവിക്കുന്ന മുസ്‌ലിമിന് വ്യക്തിപരവും സാമൂഹികവുമായ തലങ്ങളിൽ, വിശ്വാസങ്ങളിലും വ്യവഹാരങ്ങളിലും എത്രത്തോളം ഉദാരതയും വിട്ടുവീഴ്ചയുമാവാം? അതിന്റെ പ്രാമാണികാടിത്തറ എന്ത്? ഇതാണ് വിഷയത്തിന്റെ മർമം. ആഗോളതലത്തിൽ ഇസ്‌ലാമിക പണ്ഡിതന്മാർ അതേപ്പറ്റി ചിന്തിക്കുന്നുണ്ട്. അതിന്റെ ഭാഗമായി ഉയർന്നുവന്നതാണ് ഫിഖ്ഹുൽ അഖലിയ്യ (ന്യൂനപക്ഷ കർമശാസ്ത്രം) പോലുള്ള പരികൽപനകൾ. ചർച്ചകൾ പുരോഗമിക്കുന്നുണ്ടെങ്കിലും കൃത്യവും സാർവാംഗീകൃതവുമായ നിർവചനങ്ങളും തീർപ്പുകളും ഉരുത്തിരിഞ്ഞു കഴിഞ്ഞിട്ടില്ല. അതത് മുസ്‌ലിം ന്യൂനപക്ഷ രാജ്യങ്ങളിലെ പണ്ഡിതന്മാർ അവരവരുടെ സാഹചര്യങ്ങളിൽനിന്നുകൊണ്ടുള്ള പഠനങ്ങളനുസരിച്ച് ഫത്‌വകൾ നൽകിവരികയാണ്.

ഈ പശ്ചാത്തലത്തിലാണ് വാരിക ലക്കം 5(2009 ജൂലൈ 4)ൽ സി. ദാവൂദ് തുടങ്ങിവെച്ച 'മഴവിൽ ലോകത്തെ ഇസ്‌ലാം' എന്ന ചർച്ച *പ്രബോധനം* ലക്കം 21 വരെ തുടർന്നത്. യുവ പണ്ഡിതന്മാരും എഴുത്തുകാരുമാണ് ചർച്ചയിൽ താൽപര്യപൂർവം പങ്കെടുത്തത്. ചെറു

പ്പക്കാർതന്നെ ചർച്ച ചെയ്യട്ടെ എന്നു തീരുമാനിച്ചതുകൊണ്ടോ വിഷയത്തെ അർഹിക്കുന്ന ഗൗരവത്തിൽ പരിഗണിക്കാത്തതുകൊണ്ടോ എന്നറിയില്ല, മുതിർന്ന പണ്ഡിതന്മാരുടെ പ്രാതിനിധ്യം പ്രതീക്ഷിച്ചത്ര ഉണ്ടായില്ല. ഏതായാലും പങ്കെടുത്തവർ പ്രശ്നത്തെ ഒട്ടൊക്കെ ആഴത്തിൽ കൈകാര്യം ചെയ്തിരിക്കുന്നുവെന്ന് അവരെ ശ്രദ്ധിച്ചു വായിച്ചിട്ടുള്ളവർ മനസ്സിലാക്കിയിരിക്കും.

പ്രവാചകന്റെ മദീനാ കാലഘട്ടം മുതലേ ഇസ്‌ലാമിക സമൂഹത്തിൽ ബഹുസ്വരങ്ങൾക്ക് ഇടമുണ്ടായിരുന്നുവെന്നും ആധുനിക സാഹചര്യം ഈ ഇടങ്ങളിൽ കൂടുതൽ വിശാലത ആവശ്യപ്പെടുന്നുവെന്നും, സി. ദാവൂദും ടി. മുഹമ്മദ് വേളവും പ്രമാണങ്ങളുടെയും ചരിത്രത്തിന്റെയും പിൻബലത്തോടെ സമർഥിച്ചു. മുസ്‌ലിം സമൂഹം ആഭ്യന്തരമായിത്തന്നെ ബഹുസ്വരമാണെന്ന് തെളിവുകളുദ്ധരിച്ച് ചൂണ്ടിക്കാണിക്കുന്നു, സി. ഖാലിദ് മൂസാ നദ്‌വിയും കെ.ടി ഹുസൈൻ നദ്‌വിയും. കെ.പി സൽവ, സ്നേഹവ്രതൻ പൂക്കോട്ടൂർ, ഡോ. പി.എ അബൂബക്കർ, പി.എ നാസിമുദ്ദീൻ എന്നിവർ ഈ രണ്ട് ആശയങ്ങളെയും അവരവരുടെ പഠനങ്ങൾ കൊണ്ട് പോഷിപ്പിച്ചിരിക്കുന്നു. മഴവിൽ സങ്കൽപത്തിന് അർഹിക്കുന്നതിലധികം പ്രാധാന്യം നൽകുന്നു എന്ന് ആശങ്കപ്പെടുന്നതാണ് അബ്ദുല്ലത്വീഫ് കൊടുവള്ളിയുടെയും കെ. മുഹമ്മദ് കാടേരിയുടെയും ഇടപെടലുകൾ. എങ്കിലും ബഹുസ്വരതയെ അവരും തള്ളിപ്പറയുന്നില്ല. മഴവിൽ സമൂഹം നിർമിക്കാനാണ് ഇസ്‌ലാം ആഗതമായത് എന്ന മട്ടിൽ സമീപിക്കരുതെന്നേ പറയുന്നുള്ളൂ. അത് ശരിയുമാണ്. ബഹുസ്വര സമൂഹം ഒരു സോദ്ദേശ്യ നിർമിതിയേ അല്ല. സമൂഹത്തിലെ ഘടകങ്ങൾക്കിടയിൽ വിശ്വാസപരവും ആചാരപരവും സാംസ്കാരികവും രാഷ്ട്രീയവുമൊക്കെയായ വൈവിധ്യങ്ങൾ വളരുമ്പോൾ ഉളവാകുന്ന ഒരവസ്ഥയാണത്. ഈ വൈവിധ്യങ്ങളെ എല്ലാവരും പരസ്പരം അംഗീകരിക്കുന്നതിലൂടെയും സഹകരിക്കുന്നതിലൂടെയും മഴവില്ലിലെ ബഹുവർണങ്ങളെയെന്ന പോലെ കൗതുകത്തോടെ സമീപിക്കുമ്പോൾ അത് മഴവിൽ സമൂഹമാകുന്നു. സംഘർഷരഹിതമായത് സമൂഹ വികസനത്തിന്റെ സ്വാഭാവിക തന്ത്രമാണത്. മഴവിൽ സമൂഹത്തിൽ എല്ലാവരും എല്ലാവരുടേതിനെയും ഒരുപോലെ സത്യപ്പെടുത്തുകയും അനുസരിക്കുകയുമല്ല; എല്ലാവർക്കും അവരവർക്ക് ബോധിച്ചത് സ്വീകരിക്കാനുള്ള സ്വാതന്ത്ര്യം വകവെച്ചുകൊടുക്കുകയാണ്. അത് സമാധാനപരമായി പരസ്പരം തിരുത്താനുള്ള ബാധ്യത ഇല്ലാതാക്കുകയോ അതിനു ശ്രമിക്കാനുള്ള സ്വാതന്ത്ര്യം നിഷേധിക്കുകയോ ചെയ്യുന്നില്ല.

"അല്ലാഹുവിങ്കൽ സത്യദീൻ ഇസ്‌ലാം മാത്രമാകുന്നു" (ഖുർആൻ 3:19), "ഇസ്‌ലാം അല്ലാത്തതിനെ ധർമമായി ആര് കൈക്കൊണ്ടാലും അതൊരിക്കലും സ്വീകരിക്കപ്പെടുന്നതല്ല" (3:85), "നന്മയിലേക്ക് ക്ഷണിക്കുകയും ധർമം കൽപിക്കുകയും അധർമം വിലക്കുകയും ചെയ്യുന്ന ഒരു സമൂഹം നിങ്ങളിൽനിന്ന് ഉണ്ടായിത്തീരട്ടെ" (3:104), "ഇപ്രകാരം ലോക ജനങ്ങൾക്ക് സത്യസാക്ഷികളായിരിക്കുന്നതിനു വേണ്ടി നാം നിങ്ങളെ ഒരു മധ്യമ സമുദായമാക്കിയിരിക്കുന്നു" (2:143). മുസ്‌ലിം ഉമ്മത്തിന്റെ ലക്ഷ്യവും ബഹുസ്വര സമൂഹത്തിൽ അവരുടെ റോളും ഈ ഖുർആൻ വാക്യങ്ങൾ അസന്ദിഗ്ധമായി വ്യക്തമാക്കുന്നുണ്ട്. മധ്യത്തിൽ നിൽക്കാൻ ഇടത്തും വലത്തും മുന്നിലും പിന്നിലുമുള്ളവരെ അവിടെത്തന്നെ നിർത്തുകയല്ല മധ്യസ്ഥാനീയരുടെ ധർമം. ഇടത്തോട്ടോ വലത്തോട്ടോ നീങ്ങി അപകടത്തിൽ ചാടുകയുമല്ല; ആപത്തിന്റെ അതിരുകളിൽ നിൽക്കുന്നവരെ സുരക്ഷിതമായ മധ്യസ്ഥാനത്തേക്ക് വലിച്ചടുപ്പിക്കുകയാണ്. എല്ലാവരിലേക്കും സൗഹാർദത്തിന്റെയും ഗുണകാംക്ഷയുടെയും പാലങ്ങൾ തീർത്താലേ ഇത് സാധ്യമാകൂ; എന്നല്ല എല്ലാവരോടുമുള്ള സ്നേഹത്തിന്റെയും സൗഹാർദത്തിന്റെയും താൽപര്യമാണത്. ■